**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 125** **22-02-2022 - ൽ മറുപടിയ്ക്ക്**

**ആംസ്& അമ്യൂണിഷൻ സേഫ്റ്റി ട്രെയിനിംഗ് കോഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ആയുധ ലൈസൻസ് ലഭിക്കുന്നതിനായി ആംസ്&അമ്യൂണിഷൻ സേഫ്റ്റി ട്രെയിനിംഗ് കോഴ്സ് വിജയകരമായി പൂർത്തീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ആയുധ ചട്ടങ്ങൾ 2016-ലെ ചട്ടം 10 പ്രകാരം ആയുധ ലൈസൻസ് അനുവദിക്കുന്നതിന് Ammunition Safety Training പൂർത്തിയാക്കേണ്ടതുണ്ട്. അപ്രകാരം ട്രെയിനിംഗ് നടത്തുന്നതിനും സർട്ടിഫിക്കറ്റ് നൽകുന്നതിനും 01.10.2021 തീയതിയിലെ സ.ഉ(സാധാ) നം.2698/2021/ ആഭ്യന്തരം പ്രകാരം പോലീസ് വകുപ്പിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൗരന്മാർക്ക് ആയുധ ലൈസൻസ് നൽകുന്നതിന് നൽകേണ്ട ആംസ് & അമ്യൂണിഷൻ ട്രെയിനിങ് കോഴ്സ് പൂർത്തിയാക്കേണ്ട വ്യവസ്ഥ 01.02.2022-ലെ സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് നം. D6-150760/2021/PHQ പ്രകാരം പ്രാബല്യത്തിലായിട്ടുണ്ട്. പ്രസ്തുത കോഴ്സിന് വേണ്ടി ഓരോ ബറ്റാലിയനുകളിലെ ഡെപ്യൂട്ടി കമാണ്ടന്റിനെ ചെയർമാനായും, അസി.കമാണ്ടന്റ് (ട്രെയിനിംഗ്) , എ.പി എസ്.ഐ (QM) , ഹവിൽദാർ റാങ്കിലുള്ള ഒരു ആംസ് ട്രൈനർ എന്നിവരെ അംഗങ്ങളായി ഉൾപ്പെടുത്തി ഒരു ബോർഡ് രൂപീകരിക്കുവാനും പ്രസ്തുത ബോർഡിന്റെ കീഴിൽ ഒരു prepared സിലബസിന്റെ അടിസ്ഥാനത്തിൽ മൂന്നു മാസത്തിൽ ഒരിക്കൽ പൗരന്മാർക്ക് പ്രത്യേകം നിശ്ചയിച്ചിട്ടുള്ള ഫീസ് നിരക്കിൽ ടി ആയുധ സുരക്ഷാ പരിശീലനം നൽകുവാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. കോഴ്സിന് വേണ്ടിയുള്ള സിലബസിൽ ഉൾപ്പെടുത്തേണ്ടതായ elementary lessons തയ്യാറാക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്. കോഴിക്കോട് ജില്ലയിലെ അപേക്ഷകർക്ക് അടുത്തുള്ള ബറ്റാലിയനിൽ നിന്നും കോഴ്സ് ചെയ്യാൻ സാധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ട്രെയിനിംഗ് കോഴ്സിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കോഴിക്കോട് ജില്ലയിൽ പ്രസ്തുത കോഴ്സ് നടത്തുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (സി) | (എ) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ